വള്ളൂർ ഗവൺമെന്റ് എൽ. പി. സ്കൂളിന്റെ തറക്കല്ലിടൽ ചടങ്ങിൽ മൈക്ക് പെർമിഷൻ നിഷേധിച്ച സംഭവം

44 (2157) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 17-6-2003-ന് പട്ടാമ്പി പഞ്ചായത്ത് അതിർത്തിയിലുള്ള വള്ളൂർ ഗവൺമെന്റ് എൽ.പി.സ്കൂളിന്റെ തറക്കല്ലിടൽ ചടങ്ങിൽ മൈക്ക് പെർമിഷൻ ആദ്യം അനുവദിക്കുകയും പിന്നീട് നിഷേധിക്കുകയും ചെയ്തതായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) സ്കൂൾ തറക്കല്ലിടൽ ചടങ്ങിൽ മൈക്ക് പെർമിഷൻ നിഷേധിക്കാനുണ്ടായ കാരണം എന്തായിരുന്നു എന്ന് വ്യക്തമാക്കാമോ ;

(സി) പട്ടാമ്പി പോലീസ് സ്റ്റേഷൻ പരിധിയിൽ ക്രമസമാധാന പ്രശ്നമോ, പോലീസ് ആക്ട് പ്രകാരമുള്ള നിരോധനങ്ങളോ നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഡി) ആരുടെയെങ്കിലും പരാതിയുടെ അടിസ്ഥാനത്തിലായിരുന്നുവോ മൈക്ക് പെർമിഷൻ നിഷേധിച്ചത് ; എങ്കിൽ ആരുടെ പരാതി കാരണമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ക്രമസമാധാന സംയമനത്തിനുവേണ്ടിയാണ് മൈക്ക് പെർമിഷൻ നിഷേധിക്കുവാനുണ്ടായ കാരണം.

(സി) ഇല്ല.

(ഡി) പട്ടാമ്പി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ.

കൊപ്പം ആസ്ഥാനമായി ഒരു പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ നടപടി

45 (2159) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ പട്ടാമ്പി പോലീസ് സ്റ്റേഷൻ വിഭജിച്ച് കൊപ്പം ആസ്ഥാനമായി ഒരു പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കണമെന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ കൊപ്പത്ത് ഒരു പുതിയ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഇത് സംബന്ധിച്ച നിവേദനം ലഭിച്ചിരുന്നത് പരിശോധിക്കുകയും. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ഇപ്പോൾ പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുവാൻ നിർവാഹമില്ല എന്ന നിഗമനത്തിലെത്തുകയും ചെയ്തിട്ടുണ്ട്.

കുന്ദംകുളം നിയോജകമണ്ഡലത്തിലെ കൊലപാതക കേസുകൾ

46 (2160) ശ്രീ. ടി. വി. ചന്ദ്രമോഹൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1990-ന് ശേഷം തൃശ്ശൂർ ജില്ലയിൽ എത്ര കൊലപാതക കേസുകൾ രജിസ്റ്റർ ചെയ്തു ;

(ബി) ഇതിൽ പ്രതികളെ അറസ്റ്റുചെയ്ത കേസുകൾ എത്രയാണ് ;

(സി) കുന്ദംകുളം നിയോജകമണ്ഡലത്തിൽപ്പെടുന്ന എത്ര കൊലപാതക കേസുകൾ തെളിയാനുണ്ട് ;

(ഡി) ഈ കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഇ) ഇതിൽ ഏതെല്ലാം കേസുകളാണ് ക്രൈംബ്രാഞ്ച് അന്വേഷിക്കുന്നത് ; വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 548 കേസുകൾ.

(ബി) 515 കേസുകൾ.

(സി) 4 കേസുകൾ.

(ഡി) ഇതിൽ കുന്ദംകുളം പി. എസ്. ക്രൈം 43/94 ഉം 184/96-ഉം ഗുണപരമായ യാതൊരു വിവരങ്ങളും ലഭിക്കാത്തതിനാൽ അൺ ഡിക്റ്റക്ടഡായി ഫൈനൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ക്രൈം 640/02 അന്വേഷണാവസ്ഥയിലാണ്. 39/സി.ആർ./01-ന്റെ അന്വേഷണം പൂർത്തിയായിട്ടുണ്ട്.

(ഇ) ക്രൈം. നം. 39/സി.ആർ/01 ക്രൈംബ്രാഞ്ച് അന്വേഷണത്തിലാണ്.

ചേമഞ്ചേരി കുന്നുമ്മൽ ദാമോദരൻ നായർ, മാധവൻ നായർ എന്നിവരുടെ കൊലപാതകം സംബന്ധിച്ച കേസന്വേഷണം

47 (2162) ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേമഞ്ചേരി ഗ്രാമ പഞ്ചായത്തിലെ കുന്നുമ്മൽ ദാമോദരൻ നായർ, മാധവൻ നായർ എന്നീ സഹോദരങ്ങളെ വെട്ടിക്കൊലപ്പെടുത്തിയത് സംബന്ധിച്ചുള്ള കേസന്വേഷണം എവിടെവരെയായി എന്ന് അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly